# അക്കാദമിക് മാസ്റ്റർപ്ലാൻ

ഗവ. എൽ. പി. സ്കൂൾ
കെല്ലൂർ - 2025-26

Scanned with OKEN Scanner

# ആമുഖം

സമഗ്രഗുണമേന്മയുള്ള വിദ്യാഭ്യാസം ഓരോ കുട്ടിയുടെയും അവകാശം എന്ന ബോധ്യത്തിലൂന്നി ഓരോ കുട്ടിയെയും ഓരോ യൂണിറ്റായി പരിഗണിച്ച് സമഗ്രഗുണമേന്മാ വിദ്യാഭ്യാസം ഉറപ്പുവരുത്തുന്ന ഒരു മികച്ച പഠനാന്തരീക്ഷമാണ് ഇവിടേക്ക് കടന്നുവരുന്ന ഓരോ വിദ്യാർഥിക്കും ജി.എൽ.പി.എസ്. കെല്ലൂർ ഒരുക്കികൊടുക്കുന്നത്. ഈ വസ്തുതക്ക് സാക്ഷ്യം നൽകുന്നതാണ് ഓരോ വർഷത്തെയും കുട്ടികളുടെ എണ്ണത്തിലുള്ള വർധന. കൂടാതെ പ്രവർത്തനങ്ങളുടെ, അക്കാദമിക അനക്കാദമിക മേന്മകളുടെ നേർസാക്ഷ്യം കൂടിയാണ് 141 വർഷത്തെ പ്രവർത്തന പാരമ്പര്യമുള്ള ഈ വിദ്യാലയമുത്തശ്ശി.

പൗരബോധമുള്ള, സ്വന്തം ജീവിതത്തെകുറിച്ച് വീക്ഷണമുള്ള, തന്റെ കഴിവുകൾ കണ്ടെത്തി മികവുറ്റതാക്കാൻ ഒരുവനെ പ്രാപ്തനാക്കുന്നതിനനുയോജ്യമായ വിദ്യാഭ്യാസ പദ്ധതിയുടെ ഭാഗമാകുക എന്നത് ഏതൊരു വിദ്യാർഥിയുടെയും ധാർമികമായ അവകാശമാണ്. അതിനനുയോജ്യമായ വേദിയാവുക എന്നതാണ് ഗവ.എൽ.പി.സ്കൂൾ കെല്ലൂരിന്റെ പ്രഥമലക്ഷ്യങ്ങളിലൊന്ന്.....

Scanned with OKEN Scanner

## സ്കൂളിനെകുറിച്ച് :-

വയനാട് ജില്ലയിലെ മാനന്തവാടി താലൂക്കിൽ വെള്ളമുണ്ട ഗ്രാമപഞ്ചായത്ത് പത്താം വാർഡിലാണ് ഗവ.എൽ.പി. സ്കൂൾ കെല്ലൂർ സ്ഥിതി ചെയ്യുന്നത്. 1884 ൽ ആരംഭിച്ച് 141 വർഷം പിന്നിട്ടിട്ടും അനുകൂലമായ അനുകാലികമാറ്റങ്ങൾ ഉൾക്കൊള്ളാൻ ഇനിയും കാത്തിരിക്കുകയാണ് ഈ വിദ്യാലയം. 1 മുതൽ 4 വരെ ക്ലാസുകളാണ് വിദ്യാലയത്തിലുള്ളത്. സാമ്പത്തികമായും സാമൂഹികമായും പിന്നാക്കം നിൽക്കുന്ന മുസ്ലിം വിഭാഗത്തിൽപെട്ട വിദ്യാർഥികളാണ് ഇവിടെ പഠിക്കുന്നതിൽ 98% വരുന്നവർ. 2013 മുതൽ Pre-primary വിഭാഗം പി.ടി.എയുടെ നേതൃത്വത്തിൽ ഇവിടെ നടന്നുവരുന്നു. നിലവിൽ pre-primary വിഭാഗത്തിൽ 119 ഓളം കുട്ടികളും 1 മുതൽ 4 വരെ ക്ലാസുകളിലായി 252 കുട്ടികളും ഇവിടെ പഠനം നടത്തിവരുന്നു. ഹെഡ്മാസ്റ്റർ ഉൾപ്പെടെ 9 സ്ഥിരം അധ്യാപകരും 5 താത്കാലിക അധ്യാപകരും ഇവിടെ ജോലി നോക്കുന്നു. പ്രീ-പ്രൈമറി വിഭാഗത്തിൽ 4 അധ്യാപകരും ഒരു helper ഉം ജോലി ചെയ്യുന്നു. നാൾ വഴികൾ ഇത്ര പിന്നിട്ടിട്ടും ഈ വിദ്യാലയം ഒരു യു.പി. സ്കൂൾ ആയി അപ്ഗ്രേഡ് ചെയ്യുക എന്നത് ഒരു സ്വപ്നമായിത്തന്നെ അവശേഷിക്കുന്നു. ഭൗതിക സാഹചര്യം കൊണ്ടും കുട്ടികളുടെ എണ്ണം കൊണ്ടും അക്കാദമിക നിലവാരം കൊണ്ടും മറ്റും മികവു പുലർത്തുന്ന ഈ വിദ്യാലയം എത്രയും പെട്ടെന്ന് തന്നെ അപ്ഗ്രേഡ് ചെയ്താൽ [illegible] ജനസംഖ്യ

Scanned with OKEN Scanner

കൂടുതലുള്ളതും വികസനം നേടുന്നതുമായ അമ്പലം
നമൽ കൊള്ളൂർ പ്രദേശത്തിലെ കുഞ്ഞുങ്ങൾക്ക് ഈ
വിദ്യാലയ സൗകര്യങ്ങൾ കൂടുതൽ പ്രയോജനകരമായിരി
ക്കും. സാധാരണക്കാരുടെ വിദ്യാഭ്യാസ ആവശ്യമായ പൊ
തുവിദ്യാലയങ്ങൾ ഒരു നാടിന്റെ മുഖച്ഛായ മാറ്റാൻ കാര
ണമായ നിരവധി ഉദാഹരണത്തിൽ ഈ വിദ്യാലയവും
വികസനത്തിന്റെ പടവുകൾ ഇനിയും കയറാൻ സാഹചര്യ
ങ്ങളും സാങ്കേതിക ഭരണ നേട്ടിയ ഇടപെടലുകളും
സഹായങ്ങളും ഉണ്ടാവേണ്ടതുണ്ട്. ആയിരക്കണക്കിന് കുഞ്ഞു
ങ്ങൾ കടന്നു പോയ ഈ വിദ്യാലയത്തിന് നിരവധി
വിജയകഥകൾ പറയാനുണ്ട്. ഇനിയും നിരവധി കഥ
കൾ പറയേണ്ടതായുണ്ട്. അതിന് വേണ്ട ഇടപെടലു
കൾ അനുബന്ധ ഇടങ്ങളിൽ നിന്നും ലഭ്യമാകാനു
ള്ള കാത്തിരിപ്പിലാണ് ഈ വിദ്യാലയം.....

Scanned with OKEN Scanner

# ലക്ഷ്യങ്ങൾ

അക്കാദമിക മികവാണ് ഒരു വിദ്യാലയത്തിന്റെ അളവുകോൽ. അക്കാദമിക മാസ്റ്റർ പ്ലാൻ കൊണ്ട് ലക്ഷ്യമിടുന്നത് നമ്മുടെ സ്കൂളിലെ വിദ്യാർത്ഥികളോരോരുത്തരുടേയും പഠന മികവാണ്. ഓരോ വിദ്യാർത്ഥിയുടേയും അടിസ്ഥാന ശേഷികൾ വികസിപ്പിക്കാനായി ഈ വിദ്യാലയത്തിലെ ഓരോ അധ്യാപകരും നിതാന്ത ശ്രദ്ധ പുലർത്തുന്നതോടൊപ്പം ഓരോ വിദ്യാർത്ഥിയുടേയും സമഗ്ര വളർച്ചയും അതോടൊപ്പം ലക്ഷ്യമിടുന്നു.

## ഈ അക്കാദമിക വർഷത്തെ ലക്ഷ്യങ്ങൾ

* ഓരോ ക്ലാസിലും ഓരോ വിഷയവുമായി ബന്ധപ്പെട്ട് നേടേണ്ട മുഴുവൻ ശേഷികളും കുട്ടിക്ക് ലഭ്യമാകുന്നു എന്ന് ഉറപ്പു വരുത്തുക.
* ഓരോ കുട്ടികളിലുമുള്ള കഴിവ് കണ്ടെത്തി പരിപോഷിപ്പിക്കുന്നതിനുള്ള അവസരങ്ങൾ സൃഷ്ടിക്കുക.
* കുട്ടിക്ക് മികച്ച പഠനാന്തരീക്ഷവും ഭൗതിക സാഹചര്യവും ഒരുക്കുക.
* പ്രവർത്തനങ്ങൾ മികവുറ്റതാക്കുന്നതിന് അധ്യാപകർക്ക് പരിശീലനം നൽകുക.
* ICT പഠനത്തിനാവശ്യമായ ഭൗതിക സാഹചര്യങ്ങളും അക്കാദമിക തയ്യാറെടുപ്പുകളും നടത്തുക.
* മുഴുവൻ ക്ലാസുകളിലും ICT സാധ്യത ഉറപ്പാക്കുക.

Scanned with OKEN Scanner

* അക്കാദമിക കാര്യങ്ങൾക്കായി സോഷ്യൽ മീഡിയ ഉപയോഗപ്പെടുത്തൽ.

* അക്കാദമിക മികവുകൾ സമൂഹത്തിൽ എത്തിക്കാൻ വിവിധ പ്രവർത്തനങ്ങൾ നടത്തുക.

നാടകം, നാടൻപാട്ട്, ഫ്ലാഷ്മോബ്, തെരുവ് നാടകം.

* സാമൂഹ്യപങ്കാളിത്തം വിദ്യാലയ പ്രവർത്തനങ്ങളിൽ ഉറപ്പാക്കുക.

* ഇംഗ്ലീഷ് വിദ്യാഭ്യാസത്തിന് ഊന്നൽ നൽകുന്ന വിവിധ പ്രവർത്തനങ്ങൾ നടത്തുക.

ഇംഗ്ലീഷ് ക്ലബ്ബ്, വായന കാർഡ് വായന, ഇംഗ്ലീഷ് അസംബ്ലി
ദിവസേന 5 വാക്കുകൾ - അർത്ഥം, സ്പെല്ലിംഗ് മുതലായവ പഠിക്കൽ.

* പ്രീ പ്രൈമറി വിഭാഗത്തിന് അംഗീകാരം - കുട്ടികൾക്ക് ഒരു ചിൽഡ്രൻസ് പാർക്ക്

* ഉച്ചഭക്ഷണം കൂടുതൽ വൈവിധ്യവും രുചികരവുമാക്കുക.

' കായിക ക്ഷമത ഉറപ്പാക്കുന്നതിനുള്ള കായിക പ്രവർത്തനങ്ങൾ നടപ്പാക്കുക.

വിവിധ ക്ലബ് പ്രവർത്തനങ്ങൾ സജീവമായി നടപ്പിലാക്കുക.

അച്ചടക്കം, വൃത്തി, പെരുമാറ്റം എന്നീ അടിസ്ഥാന മൂല്യങ്ങൾ കുട്ടികളിൽ വളർത്തുക.

പഠനോപകരണങ്ങൾ, പഠന പ്രവർത്തന വസ്തുക്കൾ, എന്നിവ കൊണ്ട് ക്ലാസ് മുറികൾ ആകർഷകമാക്കി പഠനാന്തരീക്ഷം സൃഷ്ടിക്കുക.

ഗണിതലാബ്, പരിസ്ഥിതിലാബ്, ഇംഗ്ലീഷ് കോർണർ, വായനാമൂല
മലയാളം മധുരം എന്നീ പരിപോഷണ പരിപാടികൾ നടത്തുക.

Scanned with OKEN Scanner

* പഠന പിന്നോക്കാവസ്ഥ നേരിടുന്നവരെ കണ്ടെത്തി അവർക്കാവശ്യമായ ക്ലാസുകളും പഠനങ്ങളെയും ആവിഷ്-ക്കരിക്കുക.

* വിദ്യാലയം തന്നെ ഒരു പാഠപുസ്തകം എന്ന നിലയിലേക്ക് വിദ്യാലയ അന്തരീക്ഷം മാറ്റിയെടുക്കുക.

* ഭാഷ പഠനയാത്രകൾ, പഠന ക്യാമ്പുകൾ, ശില്പശാലകൾ, വിദഗ്ധ-രുടെ ക്ലാസുകൾ തുടങ്ങിയ വൈവിധ്യമാർന്ന പഠന തന്ത്രങ്ങൾ പ്രയോജനപ്പെടുത്തുക.

* കൃഷിയോടും മറ്റും താല്പര്യം ഉണ്ടാക്കാൻ അടുക്കളത്തോട്ടം പച്ചക്കറിത്തോട്ടം, പൂന്തോട്ടം എന്നിവ സ്കൂളുകളിൽ ഉണ്ടാക്കി പരിപാലിക്കുക.

* പ്ലാസ്റ്റിക് രഹിത വിദ്യാലയം എന്ന കാഴ്ചപ്പാട് ഉറപ്പിക്കുക.

* പഠന പിന്നോക്കക്കാരെയും പ്രത്യേക സഹായം ആവശ്യമുള്ള കുട്ടികളെയും മുഖ്യധാരയിലെത്തിക്കുക.

* വായന പരിപോഷിപ്പിക്കുന്നതിനായി ലൈബ്രറി ശാക്തീകരണം ഉറപ്പിക്കുക.

* അമ്മവായന, വഴിയോര വായന, അസംബ്ലിയിൽ വായന, പത്രവായന വായനക്കുറിപ്പ് - മത്സരം, എന്നീ പ്രവർത്തനങ്ങൾ നടത്തുക.

* പഠനയാത്രകൾ - കണ്ടും കേട്ടും നിരീക്ഷിച്ചും പഠിക്കുന്നതിനു-ള്ള അവസരങ്ങൾ ഒരുക്കൽ.

* വിവിധ മേളകളിലും കലോത്സവങ്ങളിലും പങ്കെടുക്കൽ.

* കുട്ടികളിൽ ആർട്ട്, ക്രാഫ്റ്റ്, പൊതു വിജ്ഞാനം, ICT, ലൈബ്രറി സന്ദർശനം, കൃഷിയോട് പരിപാലനം, എന്നിവ ഉറപ്പ-

# അക്കാദമിക മാസ്റ്റർ പ്ലാൻ

# മലയാളം

| പ്രശ്നങ്ങൾ | പരിഹാര പ്രവർത്തനങ്ങൾ | കാലയളവ് | സാമ്പത്തികം | ഏജൻസി |
|---|---|---|---|---|
| ഭാഷാപരമായ ശേഷിക്കുറവ് | ജൂൺ ആദ്യവാരം കുട്ടികളുടെ അടിസ്ഥാന ഭാഷാശേഷി പ്രീടെസ്റ്റിലൂടെ പൂർത്തിയാക്കുന്നു. ഒഴിവുദിനം ക്ലാസ് ദിനങ്ങളിൽ ഒരു പ്രത്യേക സമയം അടിസ്ഥാനശേഷി പോഷണ പ്രവർത്തനങ്ങൾ നടത്തുന്നു. | 2025 2026 | 1000 | PTA SRG BRC |
| ഭാഷാപരമായ ശേഷി പ്രകടനം വായന പദ്യം കഥ അവതരണം | ക്ലാസ് അസംബ്ലിയിൽ വായനകാർഡ് വായന, കഥാപാരായണം, പദ്യം ചൊല്ലൽ, പുസ്തകങ്ങളെ പരിചയപ്പെടുത്തൽ. മറ്റ് ഭാഷാ പ്രവർത്തനങ്ങളുടെ അവതരണം | 2025 2026 | | SRG PTA |
| മാസിക നിർമ്മാണം പതിപ്പ് നിർമ്മാണം | കുട്ടികൾ വിവിധ ദിനാചരണങ്ങൾ, ആഘോഷങ്ങൾ ഇവയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ പോർട്ട്ഫോളിയോയിൽ ശേഖരിച്ച് പതിപ്പ് നിർമ്മാണം | 2025 2026 | 1000 | മലയാളം ക്ലബ്ബ് |
| വായനാമൂല സജ്ജീകരിക്കൽ | ഭാഷാപരമായി പഠനപിന്നാക്കാവസ്ഥ നേരിടുന്ന കുട്ടികൾക്കായി പ്രത്യേക വായനാസാമഗ്രികൾ, വർക്ക് ഷീറ്റുകൾ ഇവ ശേഖരിച്ച് വായനാമൂല ഒരുക്കുന്നു. | 2025 2026 | | |

Scanned with OKEN Scanner

# മലയാളം

| | പ്രശ്നങ്ങൾ | പരിഹാര പ്രവർത്തനം | കാലയളവ് | സാമ്പത്തികം | ഉത്തരവാദി |
|---|---|---|---|---|---|
| | മലയാള ഭാഷ ഉച്ചാരണം ആശയവതരണം ഇവയിലെ പരിമിതികൾ | അദ്ധ്യാപികമാരിലൂടെ ഭാഷാ ലാബിൽ മലയാള ഭാഷ ഉച്ചാരണം, അവതരണം എന്നിവ കേന്ദ്രീകരിച്ചുള്ള വീഡിയോ പ്രദർശനം നടത്തുക. | 2025 - 2026 | - | SRG Teachers |
| | സഭാകമ്പം | കുട്ടികളിലെ വിവിധ ഭാഷാകഴിവുകൾ പ്രകടിപ്പിക്കാൻ സാഹിത്യവേദി, അസംബ്ലി എന്നിവ നടപ്പിലാക്കുക. | 2025 2026 | | മലയാള ക്ലബ് |
| | സർഗശേഷികൾ വളർത്താൻ " | അക്ഷരപ്പൂക്കൂട എന്ന പെട്ടിയിൽ വിഷയാധിഷ്ഠിതമായി കുട്ടികൾ അവരുടെ സൃഷ്ടികൾ നിക്ഷേപിക്കുന്നു മികച്ചവ തിരഞ്ഞെടുക്കുന്നു സമ്മാനം നൽകുന്നു. | 2025 2026 | | വിദ്യാരംഗം കലാ-സാഹിത്യ വേദി |
| | വായന പരിപോഷണം | ക്ലാസ് തലത്തിൽ ലൈബ്രറി വിതരണം, കുട്ടികളുടെ നേതൃത്വത്തിൽ പുസ്തക സമാഹരണം, അമ്മ വായന ലൈബ്രറി വായന എന്നിവ നടപ്പിലാക്കൽ | 2025 2026 | | ക്ലാസ് അധ്യാപകർ |
| | വായന എഴുത്ത് | വായനമത്സരം, കൈയ്യെഴുത്ത് മത്സരം എന്നിവ ക്ലാസ് തലത്തിലും വിദ്യാലയതലത്തിലും നടത്തുന്നു സമ്മാനം നൽകുന്നു | 2025 2026 | | SRG |
| | അക്ഷരമാല | 1, 2 ക്ലാസുകളിൽ അക്ഷരമാല ഉറപ്പിക്കുന്നതിനായി അക്ഷരമാല വലിപ്പത്തിൽ എഴുതുന്നു. ചിത്രങ്ങൾ, സംഖ്യകൾ, ചിഹ്നങ്ങൾ etc ... | 2025 2026 | | PTA BRC പഞ്ചായത്ത് |
| | സ്കൂൾ സ്കോളർഷിപ്പ് പരീക്ഷ | 1 മുതൽ 4 വരെ ക്ലാസുകളിൽ സ്കൂൾ സ്കോളർഷിപ്പ് പരീക്ഷ 3rd term | 2025 2026 | 1000 | SRG |

Scanned with OKEN Scanner

# ENGLISH

| പ്രശ്നങ്ങൾ | പരിഹാര മാർഗ്ഗങ്ങൾ | കാലയളവ് | സാമ്പത്തികം | ചുമതല |
|---|---|---|---|---|
| ഇംഗ്ലീഷ് ഭാഷ പഠനം [illegible] ഇല്ലായ്മ | എല്ലാദിവസവും ആദ്യത്തെ 10 മിനുട്ട് ഇംഗ്ലീഷ് ആശയവിനിമയം നടത്തുന്നു. ഒരു ദിവസം ഒരു പുതിയ ഇംഗ്ലീഷ് വാക്ക് സ്പെല്ലിംഗ് അർത്ഥം എന്നിവ പഠിപ്പിക്കുന്നു | 2025 2026 | - | class Teachers |
| ഇംഗ്ലീഷ് വായന | വായനാകാർഡുകൾ കഥാപുസ്തകങ്ങൾ എന്നിവ ക്രമീകരിച്ച് ഇംഗ്ലീഷ് വായനാ കോർണർ ഉണ്ടാക്കുന്നു. ഇംഗ്ലീഷ് വായനാ മത്സരങ്ങൾ നടത്തുന്നു | 2025 2026 | - | SRG PTA class Teacher |
| ഇംഗ്ലീഷ് എഴുത്ത് | 1, 2 ക്ലാസുകളിൽ ഇംഗ്ലീഷ് അക്ഷരങ്ങൾ വാക്കുകൾ എന്നിവ നാല് വരക്കോപ്പിയിൽ ക്ലാസിൽ നിന്ന് തന്നെ പരിശീലനം നൽകാൻ ആഴ്ചയിൽ നിശ്ചിത സമയം നൽകുന്നു. കോപ്പി എഴുത്ത് മത്സരം നടത്തുന്നു | 2025 2026 | - | class Teacher |
| ഇംഗ്ലീഷ് ആശയ അവതരണം. | ക്ലാസ് തലത്തിൽ പ്രത്യേകിച്ച് ഇംഗ്ലീഷ് മീഡിയം തലം ഇംഗ്ലീഷ് അസംബ്ലി നടത്തുന്നു. ചെറിയ പാട്ടുകൾ പഴഞ്ചൊല്ലുകൾ, റിഡിൽസ് എന്നിവ അവതരിപ്പിക്കുന്നു. ഇംഗ്ലീഷ് ഗാനം കേൾപ്പിക്കുന്നു | 2025 2026 | | class Teachers English club |
| അക്ഷരമാല - ഇംഗ്ലീഷ് വാക്കുകൾ | ചിത്രങ്ങളുടെ സഹായത്തോടെ ഇംഗ്ലീഷ് അക്ഷരമാല ചെറുവാക്കുകൾ വാക്യങ്ങൾ എന്നിവ ക്ലാസ് മുറികളിൽ ചിത്രീകരിക്കുന്നു | 2025 2026 | | SSK PTA പ്രധാനാധ്യാപിക |

Scanned with OKEN Scanner

| | | | |
|---|---|---|---|
| ഇംഗ്ലീഷ് ദൈനംദിന പ്രയോഗം | 1 മുതൽ 4 വരെ ക്ലാസുകളിലും നഴ്സറിയിലും ആഴ്ചയിൽ ചുരുങ്ങിയത് ഒരു ഇംഗ്ലീഷ് വാക്ക് പഠിപ്പിക്കുന്നു. അത് പുസ്തകത്തിൽ എഴുതുന്നു. മത്സരം നടത്തുന്നു. | ~~2024~~ 2025<br>2025 2026 | SRG<br>class<br>Teachers |
| ഇംഗ്ലീഷ് സംസാരം | ആഴ്ചയിലൊരിക്കൽ 1 മുതൽ 4 വരെ ക്ലാസിലെ കുട്ടികൾക്കായി ഒരു സ്പോക്കൺ ഇംഗ്ലീഷ് ക്ലാസ് നടത്തുന്നു. പഠിക്കുന്ന കാര്യങ്ങൾ ക്ലാസ് മുറിയിൽ പ്രവർത്തികമാക്കുന്നു. | 2025<br>2026 | SRG<br>SSK<br>English<br>club |
| ഇംഗ്ലീഷ് അന്തരീക്ഷം സൃഷ്ടിക്കൽ | ICT സങ്കേതങ്ങൾ ഉപയോഗിച്ച് ഇംഗ്ലീഷ് കാർട്ടൂണുകൾ ടൈപ്പിംഗ്, റെക്കോർഡിംഗ് ഡോക്യുമെന്ററി പ്രദർശനം ഇംഗ്ലീഷ് റിഡിൽസ് ക്രോസ് വേർഡ് പസിൽസ് എന്നിവ ഒരുക്കുന്നു | 2025<br>2026 | class<br>Teachers<br>English<br>club |

Scanned with OKEN Scanner

# പരിസര പഠനം

| പ്രശ്നങ്ങൾ | പരിഹാര പ്രവർത്തനങ്ങൾ | കാലയളവ് | സാമ്പത്തികം | ഏജൻസി |
|---|---|---|---|---|
| പൂന്തോട്ട നിർമ്മാണം പരിപാലനം | വിദ്യാലയ അന്തരീക്ഷം ഹരിതാഭമാക്കാൻ വൃക്ഷത്തൈകൾ, പൂച്ചെടികൾ, ജൈവ വേലി, പച്ചക്കറിത്തോട്ടം എന്നിവ നിർമ്മിക്കുക, പരിപാലിക്കുക | 2025 / 26 | 5000 | PTA |
| ജൈവ വൈവിധ്യ പാർക്ക് സംരക്ഷണം | ജൈവ വൈവിധ്യ പാർക്കിൽ ഇരിക്കാനുള്ള ഇരിപ്പിടങ്ങൾ, മീൻകുളം, സംരക്ഷണ വേലി എന്നിവ നിർമ്മിക്കുക. | 2025-26 | 5000 | SSK പഞ്ചായത്ത് PTA |
| ഫീൽഡ് ട്രിപ്പ് | വിവിധങ്ങളായ പരിസ്ഥിതി പാഠങ്ങൾ നേരിട്ട് കണ്ട് മനസിലാക്കുന്നതിന് ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കുന്നു (നെൽവയലുകൾ, പുഴയോരങ്ങൾ, കൃഷിത്തോട്ടങ്ങൾ etc.) | 2025-26 | 5000 | SRG PTA |
| ദിനാചരണ നോട്ടീസ് ബോർഡ് അഭാവം | വിവിധ പഠനപ്രവർത്തന സാമഗ്രികൾ, ചിത്രങ്ങൾ, ദിനാചരണ പ്രവർത്തനങ്ങൾ എന്നിവ പ്രദർശിപ്പിക്കാൻ നോട്ടീസ്/ബുള്ളറ്റിൻ ബോർഡുകൾ ക്രമീകരിക്കുക | 2025-26 | 10,000 | PTA പഞ്ചായത്ത് |
| വിദ്യാലയ സൗന്ദര്യവത്കരണം | വിദ്യാലയത്തിലെ കുട്ടികളുടെയും രക്ഷിതാക്കളുടെയും സഹകരണത്തോടെ വരാന്തകളിലും ക്ലാസ്മുറികളിലും ചട്ടികളിൽ ചെടികൾ | 2025-26 | - | PTA SRG ECO club |

Scanned with OKEN Scanner

| | | | | |
|---|---|---|---|---|
| | നട്ട് ക്ലാസ് തലത്തിൽ പരി-പാലിക്കുന്നു | | | |
| ഇക്കോ ക്ലബ് പ്രവർത്തന ശാക്തീകരണം | വിദ്യാലയത്തിലെ ഇക്കോ ക്ലബ് പ്രവർത്തനത്തിന്റെ ഭാഗമായി ദൈനം ദിന പൂന്തോട്ട പരിപാലനം, ചെടികൾക്ക് വെള്ളം നൽകൽ, തൈ നടീൽ എന്നിവ നടത്തുന്നു. ബോധ-വത്കരണ ക്ലാസുകൾ, വീഡിയോ പ്രദർശനം എന്നിവ നടത്തുന്നു. | 2025-26 | — | Eco-club |
| സസ്യ ലൈബ്രറി | കുട്ടികളുടെ ജന്മദിനങ്ങളിൽ മിഠായിക്ക് പകരം ഒരു ചെടി തൈ വിദ്യാലയത്തിന് സമ്മാനിക്കുന്നു. അത് ഉദ്യാനത്തിൽ നട്ട് സംരക്ഷിക്കുന്നു. | 2025-26 | — | PTA SRG |

Scanned with OKEN Scanner

# ഗണിതം - 2025-26.

| പ്രശ്നങ്ങൾ | പരിഹാര പ്രവർത്തനങ്ങൾ | കാലയളവ് | സാമ്പത്തികം | ഏജൻസി |
|---|---|---|---|---|
| * ശിശു സൗഹൃദ ഗണിത പഠന അന്തരീക്ഷം. | ഗണിത കിറ്റ് ഉപയോഗിച്ച് ഗണിതലാബ് ക്രമീകരിക്കുന്നു. ആഴ്ചയിൽ ആവശ്യാനുസരണം ഗണിത പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് ഗണിതലാബ് പ്രയോജനപ്പെടുത്തുന്നു. | 2025-2026 | - | SRG PTA SSK. |
| * ഗണിതം അടിസ്ഥാനശേഷി ഉറപ്പിക്കൽ | 1 മുതൽ 4 വരെ ക്ലാസുകളിൽ തന്നെ ഗണിതം അടിസ്ഥാന ശേഷികൾ, സംഖ്യകൾ എന്നിവ ഉറപ്പിക്കുന്നതിനാവശ്യമായ സാമഗ്രികൾ ക്ലാസിൽ തന്നെ ക്രമീകരിക്കുന്നു. മഞ്ചാടി, നമ്പർ ചാർട്ട്, മുത്തുകൾ, അബാക്കസ് എന്നിവ ഉപയോഗിക്കുന്നു. | 2025-2026 | - | SRG PTA teachers. |
| * പട്ടികകൾ - സംഖ്യകൾ - ക്രിയകൾ ജ്യാമിതി എന്നിവ ഭിത്തിയിൽ എഴുതൽ. | ഗുണന പട്ടിക, സങ്കലന പട്ടിക, വ്യവകലനം, ഹരണം ജ്യാമിതീയ രൂപങ്ങൾ എന്നിവ വിദ്യാലയ ഭിത്തിയിൽ മനോഹരമായി വരക്കുന്നു. | 2025-26 | - | PTA SRG maths club. |

Scanned with OKEN Scanner

| | | | | |
|---|---|---|---|---|
| പ്രായോഗിക ഗണിത പ്രശ്ന പരിഹാരങ്ങൾ | ഗണിതവുമായി ബന്ധപ്പെട്ട് അളവ്, തൂക്കം, സമയം ഉയരം എന്നിവയുടെ ഗണനാവസരങ്ങൾ ഒരുക്കാൻ വിവിധ കടകൾ, സ്ഥാപനങ്ങൾ എന്നിവ സന്ദർശനം | 2025-26 | - | PTA SRG maths club. |
| ഗണിതകളികൾ | കുട്ടികളിൽ ഗണിതം ഉല്ലാസകരമാക്കാൻ, സുഡോകു, പാമ്പും കോണിയും, ചെസ്സ്, അഞ്ച്കളി എന്നിവ വിരാമസമയങ്ങളിൽ നടപ്പിലാക്കുന്നു. | 2025-26 | - | SRG maths club. |
| ലഘു ഗണിത ക്രിയകൾ | കുട്ടികട പരിചയപ്പെടൽ. 3,4 ക്ലാസിലെ കുട്ടികൾ തന്നെ നടത്തിപ്പുകാരും സാധനം വാങ്ങുന്നവരും ആയിമാറുന്നു. പേന, പെൻസിൽ, ബുക്ക്, കുട എന്നിവ വാങ്ങുന്നു. ക്രിയകൾ പരിചയപ്പെടുന്നു. | 2025-26 | - | class Teacher. SRG. |
| ഗണിതശേഷികൾ ശക്തിപ്പെടാൻ | വർക്ക്ഷീറ്റുകൾ ഗണിത ക്വിസുകൾ, പസിലുകൾ, സ്ഥാനവിലപ്പോക്കറ്റ്, അബാക്കസ് തുടങ്ങിയവ ക്ലാസിൽ ക്രമീകരിക്കുന്നു | 2025-26 | - | maths-club, class-Teacher. |

Scanned with OKEN Scanner

# ഗവ. എൽ.പി സ്കൂൾ കെല്ലൂർ

വിഷയം : അറബിക്
ക്ലാസ് : 1

അധ്യാപിക : അസ്മ

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| * അറബി ഭാഷയുമായി പരിചയം ഉണ്ടാക്കുകയും ഭാഷയോട് ഇഷ്ടം ജനിപ്പിക്കുകയും ചെയ്യുക.<br>* സംസാരിക്കാനുള്ള താൽപര്യം കുട്ടികളിൽ ഉണ്ടാക്കുക. | → ഇ. ടെക്സ്റ്റ് ഉപയോഗിച്ച് സംഭാഷണങ്ങൾ കേൾപ്പിക്കുക<br>→ ക്ലാസിൽ കുട്ടികളുമായി അറബിയിൽ സംവദിക്കുക<br>→ അറബി കഥകൾ, ദൃശ്യ കഥകൾ ക്ലാസുകളിൽ പ്രദർശിപ്പിക്കുക.<br>→ ഭാഷാ ഗെയിമുകൾ | ജൂൺ മാർച്ച് | അധ്യാപകർ അറബിക് ക്ലബ് | അധ്യാപകർ, PTA |
| * അക്ഷര രൂപങ്ങൾ മനസ്സിലാക്കുക<br>* അക്ഷര രൂപ വിന്യാസങ്ങൾ മനസ്സിലാക്കുക | → അക്ഷര വായന<br>→ ചിത്ര വായന<br>→ പദകാർഡ് ഉപയോഗിച്ച് വിവിധ ഗെയിമുകൾ<br>→ പുസ്തക വായന | ജൂൺ മാർച്ച് | | |
| * തെറ്റ് കൂടാതെ അക്ഷരങ്ങൾ വായിക്കാനുള്ള കഴിവ് വളർത്തുക<br>* അക്ഷരങ്ങൾ ചിഹ്നങ്ങൾ ചേർത്ത് എഴുതാനും വായിക്കാനുമുള്ള കഴിവ് വളർത്തുക.<br>ലളിതമായ പദങ്ങൾ എഴുതി ശീലിക്കുക | → പദകാർഡ് നിർമ്മാണം<br>→ ഇ-വായന<br>→ അക്ഷരങ്ങൾ ചേർത്ത് പദങ്ങൾ നിർമ്മിക്കാൻ പരിശീലിക്കുക<br>→ ചിഹ്നങ്ങൾ ചേർത്ത് വായിക്കാനും എഴുതാനും പരിശീലിപ്പിക്കുക- ഗെയിമുകൾ ഉപയോഗിച്ച് | ജൂൺ മാർച്ച് | | |

Scanned with OKEN Scanner

ഗവ. എൽ. പി സ്കൂൾ . കൈപ്പൂർ

വിഷയം : അറബിക്
ക്ലാസ് : 2

അധ്യാപകൻ : മുഹമ്മദലി

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| * ലളിതമായ വാക്യങ്ങൾ വായിക്കാൻ പ്രാപ്തരാക്കുക | → ചിത്രകഥ വായന<br>→ ലൈബ്രറി വായന<br>→ റീഡിംഗ് കാർഡ് വായന<br>→ വായന മത്സരങ്ങൾ | ജൂൺ മാർച്ച് | അധ്യാപകൻ അറബിക് ക്ലബ് | അധ്യാപകർ PTA |
| * അറബി ഭാഷ സംസാരിക്കുന്നതിന് ആത്മവിശ്വാസം വളർത്തിയെടുക്കുക.<br>അറബി ഭാഷ ശ്രവിക്കാനുള്ള ശേഷി വളർത്തിയെടുക്കുക | → ക്ലാസിൽ അറബി ഭാഷ നന്നായി ഉപയോഗിക്കുക<br>→ ഇടക്ക് ഉപയോഗിച്ച് സംഭാഷണങ്ങൾ കേൾപ്പിക്കുക<br>→ പുതിയ പദങ്ങൾ ദിവസവും പരിചയപ്പെടുത്തുക<br>→ ഭാഷാ കളികൾ | ജൂൺ മാർച്ച് | | |
| * സ്വതന്ത്രമായി വായിക്കാനുള്ള കഴിവ് കുട്ടികളിൽ വളർത്തുക<br>വാക്യങ്ങൾ എഴുതാൻ കുട്ടികളെ പ്രാപ്തരാക്കുക | ഇ. വായന<br>വായന മത്സരങ്ങൾ നടത്തുക<br>പദങ്ങൾ ഉപയോഗിച്ച് വാക്യങ്ങൾ നിർമിക്കുക | ജൂൺ മാർച്ച് | | |

Scanned with OKEN Scanner

വിഷയം: അറബിക്
ക്ലാസ്: 3

അധ്യാപകൻ: മുഹമ്മദലി

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ▷ ലളിതമായ രീതിയിൽ അറബിയിൽ ആശയവിനിമയം നടത്താനുള്ള കഴിവ് ഉണ്ടാക്കുക. | • ടെക്സ്റ്റ് ഉപയോഗിച്ച് അതിലുള്ള സംഭാഷണങ്ങൾ കേൾപ്പിക്കുക.<br>• ക്ലാസിൽ അറബി സംഭാഷണം അവതരിപ്പിക്കുക. | ജൂൺ മാർച്ച് | അധ്യാപകർ അറബിക് ക്ലബ്ബ് | അധ്യാപകർ PTA |
| സ്വതന്ത്രമായ വായനക്ക് പ്രാപ്തരാക്കൽ | • കാർട്ടൂൺ പ്രദർശനം<br>• ലാംഗ്വേജ് ഗെയിംസ്<br>• ദിവസവും പുതിയ പദങ്ങൾ | ജൂൺ മാർച്ച് | | |
| വാക്യങ്ങൾ തെറ്റുകൂടാതെ എഴുതാനുള്ള ശേഷി വളർത്തിയെടുക്കുക. | ലൈബ്രറി വായന<br>ചിത്രകഥ വായന<br>വായന മത്സരങ്ങൾ<br>ഇ വായന | ജൂൺ മാർച്ച് | | |
| "ഒരു ദിനം ഒരു അറിവ്" പദ്ധതി | വാട്സാപ്പ് ഗ്രൂപ്പിലൂടെ, സ്കൂൾ പ്രവൃത്തി ദിവസങ്ങളിൽ ചോദ്യവും ഉത്തരവും നൽകുന്നു. | ജൂൺ മാർച്ച് | | |

Scanned with OKEN Scanner

വിഷയം: അറബിക്

ക്ലാസ്: 4

അധ്യാപിക: അസ്മ

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| • നിത്യ ജീവിതത്തിൽ അറബിയിൽ അനായാസം ആശയവിനിമയത്തിനുള്ള ശേഷി വളർത്തിയെടുക്കുക. | • ഐ ടെക്സ്റ്റ് ഉപയോഗിച്ച് അതിലുള്ള സംഭാഷണങ്ങൾ കേൾപ്പിക്കുക. | ജൂൺ മാർച്ച് | അധ്യാപകർ അറബിക് ക്ലബ്ബ് | അധ്യാപകർ PTA |
| • സ്വതന്ത്രമായ വായനക്ക് ശേഷി ശക്തിപ്പെടുത്തുക, കുട്ടികളിൽ വായനാ താൽപര്യം ജനിപ്പിക്കുക. | • ലൈബ്രറി വായന<br>• ചിത്രകഥ വായന<br>• വീട്ടുവായന<br>• വായനാ മത്സരങ്ങൾ<br>• ഇ-വായന. | ജൂൺ മാർച്ച് | | |
| • "A WORD IN DIFFERENT LANGUAGES" PROJECT | അറബിക് ക്ലബ്ബ് നോട്ടീസ് ബോർഡിൽ ഒരു വസ്തുവിന്റെ അറബിക്, ഇംഗ്ലീഷ്, മലയാളം എന്നീ ഭാഷകളിൽ പ്രദർശിപ്പിക്കുന്നു. | | | |

Scanned with OKEN Scanner

# ലൈബ്രറി

| പ്രശ്നം | പരിഹാര പരിപാടികൾ | കാലയളവ് | സാമ്പത്തികം | ചുമതല / ഏജൻസി |
|---|---|---|---|---|
| അലമാര / ഫർണിച്ചറുകളുടെ അപര്യാപ്തത | വായന മുറിയിലേക്ക് ആവശ്യമായ അലമാര, ഫർണിച്ചറുകളുടെ കുറവ് എന്നിവ പരിഹരിക്കുന്നതിന് ആവശ്യമായ സ്പോൺസർമാരെ കണ്ടെത്തൽ | 2025-26 | - | PTA SMC |
| ക്ലാസ് ലൈബ്രറി സൗകര്യം മെച്ചപ്പെടുത്തൽ | ഓരോ വിദ്യാർത്ഥിയും അവരുടെ പിറന്നാൾ ദിനത്തിൽ വിദ്യാലയത്തിലേക്ക് ഒരു പുസ്തകം നൽകുന്നു. ലൈബ്രറി വിപുലീകരണം. | 2025-26 | - | SRG PTA |
| സ്കൂൾ ലൈബ്രറി സൗകര്യം മെച്ചപ്പെടുത്തൽ | സ്കൂൾ ലൈബ്രറി കൂടുതൽ ആകർഷകമാക്കുക. കുട്ടികൾക്ക് വായനക്ക് കൂടുതൽ സമയം നൽകാൻ ആഴ്ചയിൽ ഒരു പിരീഡ് ഉൾപ്പെടുത്തുക | 2025-26 | – | SRG PTA |
| പത്രവായന താൽപര്യക്കുറവ്. | പത്ര വായന കുട്ടികളിൽ ശീലിപ്പിക്കാം. പത്ര വാർത്തകളെ അടിസ്ഥാനമാക്കി ദിവസവും ചോദ്യങ്ങൾ നൽകി വിജയികൾക്ക് അസംബ്ലിയിൽ സമ്മാനം നൽകുന്നു. | 2025-26 | 1000 | SRG. |
| ~~ക്ലാസ് ലൈബ്രറി~~ | | | | |

Scanned with OKEN Scanner

# പ്രവൃത്തി പരിചയം

| പ്രശ്നങ്ങൾ | പരിഹാര നടപടികൾ | കാലയളവ് | സാമ്പത്തികം | ഏജൻസി |
|---|---|---|---|---|
| പരിശീലനത്തിന്റെ അഭാവം. | പരിശീലനത്തിനായി വിദഗ്ധ അധ്യാപകരെ ലഭ്യമാക്കൽ, പ്രാദേശികമായി ലഭ്യമായ കലാകാരന്മാരെ ഉപയോഗിച്ച് കുട്ടിക്കും രക്ഷിതാവിനും പരിശീലനം നൽകുക. | 2025 ↓ 26 | | BRC |
| തുടർ പരിശീലനത്തിന്റെ അഭാവം | PTA, SSG എന്നിവരുടെ നേതൃത്വത്തിൽ ഹ്രസ്വകാല അടിസ്ഥാനത്തിൽ പരിശീലകരെ കണ്ടെത്തി പരിശീലനം നൽകുന്ന | 2025 ↓ 26 | | SSK പഞ്ചായത്ത് |
| ആവശ്യമായ കമ്പ്യൂട്ടറുകളുടെ അഭാവം | കമ്പ്യൂട്ടർ ലാബിൽ ആവശ്യമായ കമ്പ്യൂട്ടറുകൾ സജ്ജീകരിക്കുക. കുട്ടികളുടെ എണ്ണത്തിനനുസരിച്ച് ചുരുങ്ങിയത് 20 എണ്ണം എങ്കിലും ആവശ്യം. പൂർവ്വ വിദ്യാർഥികളെ സഹകരിപ്പിക്കുക. | 2025 ↓ 26 | | PTA SMC |
| പാഠഭാഗങ്ങൾ ICT സാധ്യത ഉപയോഗിച്ച് പഠിപ്പിക്കാനുള്ള പ്രയാസം. | ഓരോ ക്ലാസിലും ഒരു ഡിവിഷൻ എങ്കിലും സ്മാർട്ട് ക്ലാസ് ആക്കി മാറ്റുക. | 2025 ↓ 26 | | PTA SSK. |
| ICT വിഭവങ്ങൾ കൈകാര്യം ചെയ്യുന്നതിൽ അധ്യാപകർക്കുള്ള കഴിവ് വർധിപ്പിക്കുക. | ആവശ്യമായ പരിശീലന പരിപാടികൾ കൃത്യമായ സമയങ്ങളിൽ നടപ്പിലാക്കുക. | 2025 ↓ 26. | | KITE SRG. |

Scanned with OKEN Scanner

| പ്രശ്നങ്ങൾ | പരിഹാരമാർഗങ്ങൾ | കാലയളവ് | സാമ്പത്തികം | ഏജൻസി |
|---|---|---|---|---|
| പ്രീപ്രൈമറി അംഗീകാരം പഠന സാമഗ്രി ലഭ്യത, ശിശുസൗഹൃദ പാർക്ക് നിർമ്മാണം. | പ്രീപ്രൈമറി വിഭാഗത്തിന്റെ അംഗീകാരം സാധ്യമാക്കി അധ്യാപകർക്ക് മാന്യമായ വേതനം ഉറപ്പാക്കുക. കുട്ടികൾക്കുള്ള പഠനസാമഗ്രികൾ ശിശുസൗഹൃദ പാർക്ക് നിർമ്മാണം കളിയുപകരണങ്ങൾ, ആകർഷണീയമായ യൂണിഫോം എന്നിവ നടപ്പിൽ വരുത്തുക. | 3 വർഷം | 2 lakh ഗവ. അംഗീകാരം കിട്ടും വരെ | PTA SMC സ്പോൺ… |
| അടിസ്ഥാന ശേഷി വികസനം പിന്നോക്കക്കാർക്ക് | പിന്നോക്കക്കാരെ എഴുത്തിലും വായനയിലും ഗണിതത്തിലും പ്രാപ്തരാക്കുക. നാലാം ക്ലാസ് കഴിഞ്ഞ് പോകുന്ന ഓരോ കുട്ടിയും അടിസ്ഥാന ശേഷികൾ നേടി എന്ന് ഉറപ്പ് വരുത്തുക. | തുടർ പ്രവർത്തനം | 25000 | PTA SSG SRG SMC |
| വായന പ്രോത്സാഹനം | വായന പരിപോഷിപ്പിക്കുന്നതിനായി ബാലമാസികകൾ, പത്രം, ശാസ്ത്രപുസ്തകം എന്നിവ സജ്ജീകരിക്കുക. | തുടർ പ്രവർത്തനം. | 5000 | Staff PTA SSK. |
| ദിനാഘോഷ ആചരണങ്ങൾ | ആഘോഷങ്ങൾ, ദിനാചരണങ്ങൾ എന്നിവയെ പഠന പ്രവർത്തനങ്ങളുമായി ബന്ധിപ്പിക്കൽ | എല്ലാ വർഷവും | 30,000 | PTA SMC SRG |

Scanned with OKEN Scanner

# ഭൗതിക സൗകര്യങ്ങൾ

| പ്രശ്നങ്ങൾ | പരിഹാര പരിപാടികൾ | കാലയളവ് | സാമ്പത്തികം | ഏജൻസി |
|---|---|---|---|---|
| ഓപ്പൺ സ്റ്റേജ് | വിദ്യാലയത്തിന്റെ പൊതുപരിപാടികൾ, മീറ്റിംഗുകൾ ഇവ നടത്താൻ ഒരു ഓപ്പൺ സ്റ്റേജ് നിർമ്മിക്കുക. | 2025 - 26. | 10 lakh | പഞ്ചായത്ത് SSK. |
| ചുറ്റുമതിൽ | വിദ്യാലയപരിസരം പുറത്ത് നിന്നുള്ള നശീകരണ പ്രവർത്തനങ്ങളെ തടയാൻ പൂർണമായും നിർമ്മിക്കുക. | 2025 - 26 | 10 lakh | പഞ്ചായത്ത് SSK MLA |
| ഫർണിച്ചർ | കുട്ടികളുടെ എണ്ണത്തിനനുസൃതമായ അളവിൽ ബെഞ്ച്, ഡസ്ക് അലമാര എന്നിവ നിർമ്മിക്കുക | 2025-26. | 2 lakh | പഞ്ചായത്ത് SSK |
| മേൽക്കൂര മാറ്റി കോൺക്രീറ്റ് ചെയ്യുക. | പഴയ വിദ്യാലയ കെട്ടിടത്തിന്റെ മേൽക്കൂര കോൺക്രീറ്റ് ആക്കുക. | 3 വർഷം | 10 lakh | പഞ്ചായത്ത് |
| ഇന്റർലോക്ക് പതിച്ച ചിൽഡ്രൻസ് പാർക്ക്. | കുട്ടികൾക്ക് അസംബ്ലി കൂടാനും ഇന്റർലോക്ക് പതിച്ച മുറ്റവും കളിക്കാൻ വിവിധ റൈഡുകൾ സജ്ജീകരിച്ച ചിൽഡ്രൻസ് പാർക്കും നിർമ്മിക്കുക. | 3 വർഷം | 10 lakh | പഞ്ചായത്ത് SSK. |
| ക്ലാസ്റൂം വൈദ്യുതീകരണം | മുകൾ നിലയിലെ 4 ക്ലാസ് മുറികളുടെ വയറിംഗ്, വൈദ്യുതീകരണം എന്നിവ നടത്തുക. | 2025-26 | 5 lakh | SSK പഞ്ചായത്ത്. |

Scanned with OKEN Scanner

| | | | | |
|---|---|---|---|---|
| ക്ലാസ് മുറികൾ ടൈൽസ് പതിക്കൽ | എല്ലാ ക്ലാസ് മുറികളും വരാന്തയും ടൈൽസ് പതിച്ച് വൃത്തിയാക്കുക. | 3 വർഷം | 15 lakh | MLA SSK പഞ്ചായത്ത് |
| ഡൈനിംഗ് ഹാൾ | കുട്ടികൾക്ക് ഉച്ചഭക്ഷണം കഴിക്കുന്നതിനായി ഒരു ഡൈനിംഗ് ഹാൾ നിർമ്മിക്കുക. | 2025-26 | 10 lakh | SSK പഞ്ചായത്ത് |
| പെയിന്റിംഗ് | വിദ്യാലയ ഭിത്തി നിറപ്പകിട്ടാക്കി ചിത്രങ്ങൾ വരച്ച് ആപ്തവാക്യങ്ങൾ, മഹത് വചനങ്ങൾ എന്നിവ എഴുതുക. | | 2 lakh | PTA |
| ഓഫീസ് പുതുക്കൽ | ഓഫീസിനെ കൂടുതൽ മെച്ചപ്പെടുത്തി ആകർഷകമാക്കാൻ കാബിൻ, ടേബിൾ, കസേരകൾ, ഷെൽഫ്, എന്നിവ ക്രമീകരിക്കുക. | 3 വർഷം | 5 lakh | SSK പഞ്ചായത്ത് |
| മൈതാന നവീകരണം [CCTV ഘടിപ്പിക്കൽ] | വിവിധ കോർട്ടുകൾ, കളിയുപകരണങ്ങൾ എന്നിവ സജ്ജീകരിക്കുക സുരക്ഷയ്ക്കായി CCTV ഘടിപ്പിക്കൽ | 3 വർഷം | 10 lakh | PTA |
| ശിശുസൗഹൃദ പാർക്ക് | കുട്ടികളുടെ കളിയുപകരണങ്ങൾ ഉൾപ്പെടുത്തി ആകർഷകമായ ഭിത്തിയിൽ ചിത്രങ്ങൾ, ശിൽപങ്ങൾ ഇവ ചേർത്ത് ശിശു സൗഹൃദ പാർക്ക് ഒരുക്കൽ | 2025-26. | 5 lakh | PTA |

Scanned with OKEN Scanner